പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1553

10.02.2020-ൽ മറുപടിക്ക്

## ട്രഷറി നിയന്ത്രണംമൂലം ബില്ലുകൾ മാറി നൽകുന്നില്ലായെന്ന പരാതി

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)

എ) ത്രിതലപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതിപ്രവർത്തനം പൂർത്തിയാക്കി സമർപ്പിച്ച ബില്ലുകൾപോലും ട്രഷറി നിയന്ത്രണംമൂലം മാറി നൽകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) ട്രഷറിയിൽ ബിൽ പെൻഡിംഗ് ഉണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) 2020 ഫെബ്രുവരി ഒന്നുവരെ ഇപ്രകാരം എത്രകോടിരൂപയുടെ ബില്ലുകൾ മാറി നൽകാൻ ഉണ്ടെന്ന് അറിയിക്കുമോ;

ബി) 2020 ഫെബ്രുവരി ഒന്നുവരെയുള്ള ട്രഷറി പെൻഡിംഗ് ബില്ലുകളുടെ തുക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തദ്ദേശ സ്ഥാപനതരം | ട്രഷറി ബിൽ - പെൻഡിംഗ് തുക |
|---|---|
| ഗ്രാമപഞ്ചായത്ത് | 348.34 കോടി |
| ജില്ലാപഞ്ചായത്ത് | 116.27 കോടി |
| ബ്ലോക്ക് പഞ്ചായത്ത് | 106.63 കോടി |
| കോർപ്പറേഷൻ | 90.35 കോടി |
| മുനിസിപ്പാലിറ്റി | 99.76 കോടി |

സി) 2019 മാർച്ച് 31-ന് നഗരസഭകളുടെ എത്രകോടി രൂപയുടെ ബില്ലുകൾ ആണ് ക്യൂവിൽ നിറുത്തിയതെന്നും ഇതിൽ എത്ര കോടി രൂപയുടെ ബില്ലുകൾ മാറി നൽകിയെന്നും വെളിപ്പെടുത്തുമോ;

സി) 2019 മാർച്ച് 31-ന് നഗരസഭകളുടെ 261.36 കോടി രൂപയുടെ ബില്ലുകളാണ് ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയിരുന്നത്. ക്യൂവിലുൾപ്പെട്ടിരുന്ന ബില്ലുകൾ മാറുന്നതിനുള്ള നടപടിക്രമം പാലിച്ച് ട്രഷറികളിൽ നഗരസഭകൾ സമർപ്പിച്ചിരുന്ന മുഴുവൻ ബില്ലുകളും പാസ്സാക്കി നൽകിയിട്ടുണ്ട്. 2019 മാർച്ച് 31 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിരുന്ന 837.66 കോടി രൂപയുടെ ബില്ലുകളാണ് (നഗരസഭകൾ ഉൾപ്പെടെ)

| | |
|---|---|
| | കൃവിലേക്ക് മാറ്റിയിരുന്നത്. ഇവയിൽ 826.62 കോടി രൂപയുടെ ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ (നഗരസഭകൾ ഉൾപ്പെടെ) ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയിരുന്ന 11.04 കോടി രൂപയുടെ ബില്ലുകൾ ഇനി പാസ്സാക്കാനുണ്ട്. ഈ ബില്ലുകൾ പാസ്സാക്കാൻ കഴിയാത്തത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ ക്യൂവിലുൾപ്പെടുത്തിയിരുന്ന ബില്ലുകൾ മാറുന്നതിനുള്ള നടപടിക്രമം പാലിച്ച് ബില്ലുകൾ ട്രഷറികളിൽ സമർപ്പിക്കാത്തതിനാലാണ്. |
| ഡി) 2020 ഫെബ്രുവരി ഒന്ന് വരെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഡി) 2020 ഫെബ്രുവരി ഒന്ന് വരെയുള്ള ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

| തദ്ദേശ സ്ഥാപന തരം | ചെലവ് തുക (കോടി) | ചെലവ് % |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 1687.51 | 48.68 |
| ജില്ലാ പഞ്ചായത്ത് | 302.75 | 32.39 |
| ബ്ലോക്ക് പഞ്ചായത്ത് | 441.34 | 47.96 |
| കോർപ്പറേഷൻ | 231.67 | 30.64 |
| മുനിസിപ്പാലിറ്റി | 374.26 | 38.65 |

(ഒപ്പ്)
സെക്ഷൻ ഓഫീസർ